compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഡിസംബർ 23
**Tuesday, 23rd December 2025**

1201 ധനു 8
**8th Dhanu 1201**

1947 അഗ്രഹായനം 2
**2nd Agrahayana 1947**

വാല്യം 14
**Vol. XIV**

നമ്പർ
**No.** **51**

## Part III

## Health Services Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പുനർ ദർഘാസ്/ലേലപ്പരസ്യം

നമ്പർ DMOH-KKD/6594/2025-B2. 2025 ഡിസംബർ 9.

കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസിലെ KL 01 BA 5189, KL 01 BA 5190 നമ്പർ വാഹനങ്ങൾ കേരള സർക്കാരിന്റെ GO(P) No. 27/2025 Fin. തീയതി 18-3-2025 പ്രകാരവും താഴെ കൊടുത്തിട്ടുള്ള നിബന്ധനകൾ പ്രകാരം പരസ്യമായി ലേലം ചെയ്ത് വിൽപ്പന നടത്തുന്നതിനും തുടർന്ന് 5 (അഞ്ച്) വർഷത്തേക്ക് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസിന്റെ തന്നെ ഉപയോഗത്തിന് തിരികെ വാടകക്ക് എടുക്കുന്നതിനുള്ള പുനർ ദർഘാസ് നോട്ടീസ്. ദർഘാസ് സമർപ്പിച്ചവർക്ക് അന്നേ ദിവസം സ്ഥാപന പരിസരത്തുവച്ച് തന്നെ നടത്തുന്ന പരസ്യ ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.

### വാഹനത്തിന്റെ വിശദാംശങ്ങൾ

| *Reg. No.* | *Make & Model* | *Fuel* | *Registration Validity Upto* | *Total KM Covered (As on 30-10-2025)* | *Insurance paid upto* |
|---|---|---|---|---|---|
| KL 01 BA 5189 | Tata Spacio | Diesel | 27-1-2026 | 146931 | 27-1-2026 |
| KL 01 BA 5190 | Tata Spacio | Diesel | 27-1-2026 | 172009 | 27-1-2026 |

**പുനർ ദർഘാസ് സംബന്ധിച്ച വിശദവിവരങ്ങൾ**

അടങ്കൽ തുക—₹ 1,76,000-ഉം പ്രതിമാസ വാടകയും.

1. ദർഘാസ് ഫോറത്തിന്റെ വില :
   ഒറിജിനൽ—₹ 500 + 18% GST= ₹ 590.
   ഡ്യൂപ്ലിക്കേറ്റ്—₹ 500 + GST

2. നിരതദ്രവ്യം—₹ 2,000.

3. ദർഘാസ് ഫോറത്തിന്റെ അവസാന വിൽപ്പന ദിവസം 29-12-2025 വൈകിട്ട് 5 മണിക്കും, ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന ദിവസം 30-12-2025 വൈകിട്ട് 3 മണിക്കും. ദർഘാസ് തുറക്കുന്ന ദിവസം 31-12-2025 രാവിലെ 11.30 ലേലത്തിന് ശേഷവും, ദർഘാസ് ഉറപ്പിക്കുന്ന തീയതി 31-12-2025 ലേലത്തിന് ശേഷവുമാണ്. ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്യുന്ന വ്യക്തിക്ക് ദർഘാസ് സ്ഥിരീകരിക്കുന്നതാണ്. ദർഘാസിൽ പങ്കെടുത്തവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുന്നതിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

4. ലേലം/ടെണ്ടർ സ്ഥിരീകരിച്ച ഉടൻ ഉറപ്പിച്ച് ലഭിച്ച ആൾ വാഹനത്തിന്റെ മുഴുവൻ തുകയും (18% GST അടക്കം) കെട്ടി വയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം അടുത്ത കുറഞ്ഞ അനുപാത തുക രേഖപ്പെടുത്തിയ ആൾക്ക് ലേലം/ടെണ്ടർ ഉറപ്പിച്ച് നൽകുന്നതാണ്. തൻമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം ഒന്നാം കരാറുകാരൻ/വ്യക്തി ഒടുക്കുവാൻ ബാധ്യസ്ഥനായിരിക്കും.

5. ലേലം/ടെണ്ടർ ലഭിച്ചയാൾ കേരള സർക്കാരിന്റെ ₹ 200-ന്റെ മുദ്രപത്രത്തിൽ വാടക കരാറിൽ ഏർപ്പെടേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

6. മുദ്രവച്ച ടെണ്ടറുകൾ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറുടെ കാര്യാലയം (ആരോഗ്യം), സിവിൽ സ്റ്റേഷൻ, കോഴിക്കോട് എന്ന വിലാസത്തിൽ 30-12-2025 വൈകിട്ട് 3 മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. ടി സമയത്തിനു ശേഷം ലഭ്യമാകുന്ന ലേലം/ടെണ്ടർ പരിഗണിക്കുന്നതല്ല.

7. മേൽ നിബന്ധനകൾ പ്രകാരം ലഭ്യമാകുന്ന ലേലം/ടെണ്ടർ 31-12-2025 വൈകിട്ട് 3 മണിക്ക് പരസ്യ ലേല നടപടികൾ പൂർത്തിയാക്കിയശേഷം അപ്പോൾ സന്നിഹിതരായിട്ടുള്ള ലേലക്കാർ/ടെണ്ടറുകാർ അല്ലെങ്കിൽ അവരുടെ രേഖാമൂലം ചുമതലപ്പെടുത്തിയിട്ടുള്ള വ്യക്തികൾ എന്നിവരുടെ സാന്നിധ്യത്തിൽ ലേലം/ടെണ്ടർ തുറക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

8. ലേലം/ടെണ്ടർ അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം താഴെ ഒപ്പ് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. ഈ ലേല/ടെണ്ടർ നടപടികൾ സർക്കാരിന്റെ എല്ലാ നിയമങ്ങൾക്കും ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായിട്ടുള്ളതായിരിക്കും.

9. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വെള്ളക്കടലാസിലോ ലെറ്റർ ഹെഡിലോ തയ്യാറാക്കിയ അപേക്ഷയും, അപേക്ഷയോടൊപ്പം പാൻ കാർഡ്/ആധാർ കാർഡ്/ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് എന്നിവയിൽ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും സമർപ്പിക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലം നടക്കുന്ന സമയത്തിന് അരമണിക്കൂർ മുമ്പേ ഹാജരാകേണ്ടതും നിരതദ്രവ്യമായി ₹ 2,000 ഓഫീസിൽ കെട്ടിവയ്ക്കേണ്ടതുമാണ്. ആയത് ലേല നടപടികൾക്കു ശേഷം തിരികെ നൽകുന്നതാണ്.

10. വാഹനം ലേലം/ടെണ്ടർ മുഖാന്തിരം വാങ്ങിയ ശേഷം ലേലം/ടെണ്ടർ ഉറപ്പിച്ച് ലഭിച്ചാൽ 3 ദിവസത്തിനകം വാഹനത്തിന്റെ ഉടമസ്ഥാവകാശം സ്വന്തം പേരിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഫോൺ : 0495 2370494.

ഇ-മെയിൽ: dmokkd.hsd@kerala.gov.in, dmohkozhikode@gmail.com

(ഒപ്പ്)
ജില്ലാ മെഡിക്കൽ ഓഫീസർ
(ആരോഗ്യം).

ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം),
കോഴിക്കോട്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.12.23 04:02:58 +05:30